മെയ് 2023

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ




ആരെയും
ആകർഷിക്കുന്ന
3
ഓഫറുകൾ
ഏറ്റവും കുറഞ്ഞ
പലിശ നിരക്ക്
തികച്ചും സുരക്ഷിതവും
സുതാര്യവുമായ
ഇടപാടുകൾ
കുറഞ്ഞ ലാഭം
കൂടിയ അംഗീകാരം
CHERUPUSHPAM
GOLD LOAN
Olarikkara, Pullazhi P.O,Thrissur 680012
Ph 2360846,2360202,2365890
Customer Care : 8547667788,8547778899



# മരിയനാദം


സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ, തൃശ്ശൂർ – 680003
ഫോൺ: 9778346027
Email:mariyanadham.info@gmail.com
www.ayyantholechurch.com



**പുസ്തകം 29**
**2023 മെയ്**
**ലക്കം 05**



ചീഫ് എഡിറ്റർ
ഫാ. ജെയ്സൻ പുന്നശ്ശേരി +91 9526131319

മാനേജിംഗ് എഡിറ്റർ
ശ്രീ. ജേക്കബ് തോലത്ത് +91 9495565910

അസോസിയേറ്റഡ് എഡിറ്റേഴ്സ്
ശ്രീമതി. ഗ്രേസി ജോണി വടക്കേത്തല +91 8129978716
ശ്രീ. അഡ്വ. നെറ്റോ നെല്ലിശ്ശേരി +91 9847970504

ട്രഷറർ
ശ്രീമതി ത്രേസ്യാമ്മ ജേക്കബ് തോലത്ത് +91 7306711871

എഡിറ്റോറിയൽ മെമ്പേഴ്സ്
റവ. സി. കാതറിൻ ഇഎഎ +91 9497301738
ശ്രീ. ജെയ്സൺ കൂള +91 9495062073
ശ്രീ. ടോണി തരകൻ +91 9447728883
ശ്രീ. ജെയിംസ് കളപുരയ്ക്കൽ +91 9847551115
ശ്രീ. ജോഫിൻ കൊളങ്ങര +91 8943554456
ശ്രീ. ജോർജ്ജ് കൈപ്പറമ്പിൽ +91 9447458560
ശ്രീ. ഫ്രാൻസീസ് അറങ്ങാശ്ശേരി +91 9847484720
ശ്രീമതി സ്റ്റാർലിൻ വർഗ്ഗീസ് +91 9496093192
എക്സ് ഒഫിഷ്യോ മെമ്പർമാർ
ശ്രീ. മേജോ കെ.ജെ +91 9847865010
(കേന്ദ്രസമിതി കൺവീനർ)
ശ്രീമതി ജോർളിൻ ജോഷി +91 9544962005
(കേന്ദ്രസമിതി സെക്രട്ടറി)
നടത്തുകൈക്കാരൻ
ശ്രീ. സുരേഷ് ജേക്കബ് +91 9995430076


## താളുകളിലൂടെ...


| | |
|---|---|
| എഡിറ്റോറിയൽ | 02 |
| ഇടയശബ്ദം | 03 |
| ഓർമ്മിക്കുക ആചരിക്കുക | 05 |
| അധ്വാനം പ്രാർത്ഥനായണ് | 05 |
| വിശ്വാസ പരിശീലന വാർത്തകൾ | 06 |
| ശിഷ്യന്റെ ജീവചരിത്രം | 08 |
| വിശ്വാസ വഴിയിലെ സംശയങ്ങൾ | 09 |
| നിയമാവബോധം | 10 |
| ബൈബിൾ ക്വിസ് | 12 |
| കേന്ദ്ര കുടുംബകൂട്ടായ്മവാർത്തകൾ | 13 |
| വന്ദനം മെയ്മാസ റാണി | 14 |
| ശിക്ഷണം ആവശ്യമോ? | 15 |
| എയ്യശലിറവെരു | 16 |
| ഞാനറിയുന്ന ഈശോ എങ്ങനെ? | 17 |
| ഇടവകദിനം 2023 | 18 |
| ഞങ്ങൾ വരവായി | 19 |
| ഞങ്ങൾ ഒന്നായി | 19 |
| ഇടവകയിൽനിന്നും മാറിപോയവർ | 19 |
| വണക്കമാസം | 20 |
| നമ്മുടെ കുട്ടികൾക്ക് ഇതെന്തുപറ്റി..? | 21 |
| ചായക്കൂട്ട് മത്സരം | 24 |


**ഇടവക പള്ളിയിലെ**
**വിശുദ്ധ കുർബ്ബാന സമയം**

**സാധാരണ ദിവസം – 6.30 a.m**
**ഞായർ – 6.30 a.m 9.45 a.m**

**നടത്തുകൈക്കാരൻ**
**ശ്രീ. സുരേഷ് ജേക്കബ് +91 9995430076**

**പള്ളി ഓഫീസ് സമയം**

| | |
|---|---|
| സാധാരണ ദിവസങ്ങളിൽ | 7.00 a.m. - 8.00 a.m. / 6.00 p.m. - 8.30 p.m. |
| ഞായർ | 10.30 a.m. - 12.30 p.m. |

**തിങ്കൾ അവധി**

കപ്യാർ : വിൽസൺ ആളൂർ കൊക്കൻ–+919745844551

# എഡിറ്റോറിയൽ



........ നിങ്ങൾ എന്റെ സ്നേഹിതരാണ്

'എല്ലാവരിൽ നിന്നും സൗഹൃദം സ്വീകരിച്ചുകൊള്ളുവിൻ. എന്നാൽ ആയിരത്തിൽ ഒരുവനിൽ നിന്നേ ഉപദേശം സ്വീകരിക്കാവൂ." - പ്രഭാഷകൻ ഇങ്ങനെ പറയുമ്പോഴും ഐശ്വര്യത്തിൽ സ്നേഹിതനെ അറിയാൻ സാധിക്കുകയില്ല എന്നു വ്യക്തമാക്കുന്നുണ്ട്. മൂഢനെ വിട്ടൊഴിയാനും, ബുദ്ധിമാനെ വിട്ടുപോകരുതെന്നും മുന്നറിയിപ്പും ഇതോടൊപ്പം തരുന്നുണ്ട്. നല്ല സുഹൃദ്ബന്ധങ്ങൾ ആത്മീയവും വ്യക്തിപരവുമായ വളർച്ചക്ക് കാരണമാകുന്നു. അതുവഴി നല്ല സമൂഹവും ഉടലെടുക്കുന്നു. ആദിമ സഭയിൽ സുവിശേഷ പ്രഘോഷണത്തിന് ഊർജ്ജം പകർന്നത് വി.പൗലോസും ബാർണബാസും തമ്മിലുള്ള കൂട്ടുകെട്ടാണ്. യേശുവിന്റെ വംശാവലിയിൽ ഇടംപിടിച്ച റൂത്തിന്റെ ജീവിതം തന്നെ നോക്കൂ നവോമി തന്റെ വിധവയായ മരുമകൾ റൂത്തിനെ പറഞ്ഞു വിട്ടിട്ടും അവൾ തിരിച്ചുപോകുവാൻ കൂട്ടാക്കിയില്ല. "അമ്മയെ ഉപേക്ഷിക്കാനോ, കൂടെ പോകാതിരിക്കാനോ എന്നോട് പറയരുത്. അമ്മ പോകുന്നിടത്ത് ഞാനും വരും. അമ്മ വസിക്കുന്നിടത്ത് ഞാനും വസിക്കും. അമ്മയുടെ ചാർച്ചക്കാർ എന്റെ ചാർച്ചക്കാരും. അമ്മയുടെ ദൈവം എന്റെയും ദൈവവുമായിരിക്കും" ഇങ്ങനെ ധീരതയോടെ പറഞ്ഞ വീജാതീയ മകളുടെ സ്നേഹബന്ധവും ദൈവവിശ്വാസവും ബോവാസ് എന്ന ധനികന്റെ ഭാര്യാപദം അലങ്കരിക്കാനും ഓബദ് എന്നുപേരായ മകന് ജന്മം നൽകാനും ഇടയാക്കി. ഓബദിന്റെ പുത്രൻ ജസ്സെ അവന്റെ പുത്രൻ ദാവീദ് ഇവരെല്ലാം യേശുവിന്റെ വംശാവലിയിലെ കണ്ണികളായി സ്ഥാനം പിടിച്ചു.

കൗശലക്കാരന്റെ ഉപായങ്ങൾ നിരവധിയാണ്. നിന്റെ ബലഹീനതകളും മനോഭാവങ്ങളും ജീവിതചെയ്തികളും അറിഞ്ഞിട്ടും നിന്നെ സ്നേഹിക്കുന്നവൻ നല്ല സുഹൃത്ത് തന്നെ. 15-ാം സങ്കീർത്തനം "നീതിയുടെ മാനദണ്ഡം." വെറും അഞ്ചു വാക്യങ്ങൾ മാത്രമുള്ളതാണ്. "കർത്താവേ അങ്ങയുടെ കൂടാരത്തിൽ ആര് വസിക്കും? അങ്ങയുടെ വിശുദ്ധഗിരിയിൽ ആര് വാസമുറപ്പിക്കും? എന്നു തുടങ്ങുന്ന ഈ സങ്കീർത്തനത്തിൽ ഒരു വ്യക്തിക്ക് എങ്ങനെ നിർഭയനായിരിക്കാൻ സാധിക്കും എന്നു വ്യക്തമാക്കുന്നു.

അവൻ സ്വായത്തമാക്കേണ്ട പതിനൊന്നു ഗുണവിശേഷങ്ങളാണ് ഈ അഞ്ചു വാക്യങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെയെല്ലാം സാരാംശം യോഹ. 15/14ൽ കണ്ടെത്താം. "നിങ്ങളോട് കല്പിക്കുന്നത് നിങ്ങൾ ചെയ്യുന്നെങ്കിൽ നിങ്ങൾ എന്റെ സ്നേഹിതരാണ്."

മെയ് മാസവണക്കത്തിനും തൊഴിലാളി ദിനത്തിനുമായി ഒരുങ്ങുന്ന നമുക്ക് പരി.അമ്മയുടെയും വി.യൗസേപ്പിതാവിന്റെയും മാദ്ധ്യസ്ഥത്തിനായി യാചിക്കാം.

**- പത്രാധിപസമിതി**



# ഇടയശബ്ദം





"നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്. മലമുകളിൽ പണിതുയർത്തിയ പട്ടണത്തെ മറച്ചുവയ്ക്കുക സാധ്യമല്ല" (മത്താ.: 5:14).

കാൽവരി മലയിലുയർത്തിയ കുരിശിൽ നിന്നും ഒഴുകിയിറങ്ങിയ പ്രകാശധാരയിൽനിന്നും പങ്കുപറ്റി പ്രകാശമാകാൻ വിധിക്കപ്പെട്ടവരാണ് ക്രിസ്ത്യാനികൾ. നിന്റെ പ്രവൃത്തികൾ സത്യനിഷ്ഠമായിരുന്നാൽ എല്ലാ ചെയ്തികളിലും നിനക്ക് ഐശ്വര്യം കൈവരും (തോബി 4:7). ക്രിസ്തുമതം എന്നത് വെറും ഒരു ആശയമല്ല അതൊരു ജീവിതശൈലിയാണ്. ഗുരുവിൽനിന്ന് കണ്ടതും കേട്ടതും അനുഷ്ഠിക്കുന്നവരുടെ ഒരു കൂട്ടം. അതിനാൽ മറ്റു മതസ്ഥരിൽ നിന്നും വ്യത്യസ്ഥമായി ജീവിതം നയിക്കാൻ നാം കടപ്പെട്ടവരാണ്. നമ്മുടെ നന്മനിറഞ്ഞ വാക്കുകളാൽ, പ്രവൃത്തികളാൽ, മനോഭാവത്താൽ നാം മറ്റുള്ളവരെ ക്രിസ്തുവിലേക്ക് ആകർഷിക്കാൻ പ്രാപ്തമാകണം.

ഏതാനും ആഴ്ചകളായി പത്രമാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്ന പ്രധാനപ്പെട്ട ചർച്ചാവിഷയം കത്തോലിക്കാസഭയുടെ ചില രാഷ്ട്രീയ നിലപാടുകളെ സംബന്ധിച്ചാണ്. സഭ ഏത് രാഷ്ട്രീയ പ്രത്യയശാസ്ത്രത്തിന്റെ കൂടെയായിരുന്നു? ഇനി ആരുടെ കൂടെയാകണം? ആരുടെയൊക്കെ കൂട്ടുകൂടരുത്? എന്നിങ്ങനെ പോകുന്നു. ചില രൂപതകളിലെ അഭിവന്ദ്യ പിതാക്കന്മാരുടെ പ്രസ്താവനകൊണ്ടുമാത്രം ക്രിസ്ത്യാനികൾ അവരുടെ നിലപാട് മാറ്റുമെന്നാണോ? അതോ അഭിവന്ദ്യ

പിതാക്കന്മാരുടെ അഭിപ്രായമനുസരിച്ച് കാലത്തിന്റെ ആവശ്യം മനസ്സിലാക്കി ഒന്നിച്ചുനിന്നില്ലെങ്കിൽ നാം തഴയപ്പെടുകയും, അവകാശങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്യാമെന്നാണോ നാം മനസ്സിലാക്കേണ്ടത്. എന്താണ് നാം രൂപപ്പെടുത്തിയെടുക്കേണ്ട നമ്മുടെ നിലപാട്?

മോഹനസുന്ദര വാഗ്ദാനങ്ങൾ നൽകി ഞങ്ങളും നിങ്ങളുടെ കൂടെയുണ്ടെന്ന അവകാശവാദങ്ങളാൽ കബളിപ്പിക്കപ്പെടുന്നവരിൽ ഇനിയും ക്രൈസ്തവരായ നമ്മൾ പെട്ടുപോകരുത്. ന്യൂനപക്ഷങ്ങൾ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും സുരക്ഷിതരല്ല എന്ന ആശങ്ക നിലനിൽക്കുമ്പോൾ തന്നെ പുതിയ കച്ചവടതന്ത്രങ്ങളുടെ മായാവലയത്തിൽ നാം വീണുപോകരുത്. ക്രിസ്ത്യാനികളുടെ വോട്ട് തങ്ങളുടെതാണെന്ന് അവകാശപ്പെട്ട് സ്ഥിരമായി നമ്മളെ തഴയുന്നവരെയും, രക്തസാക്ഷികളുടെ, വിശുദ്ധരുടെ ചിത്രം വെച്ച് ക്രിസ്ത്യാനികളെ കൂടെ നിർത്തി അവഹേളിക്കുന്നവരേയും ഞങ്ങളേ ഉള്ളൂ നിങ്ങൾക്ക് രക്ഷകരായി എന്ന കപടസ്നേഹം നടിക്കുന്നവരേയും തിരിച്ചറിയാൻ നമുക്ക് കഴിയണം. ഒരു കൊടിയുടെയും അടിമകളാകരുത് നാം. നാം ഭാരതത്തിലെ ക്രിസ്ത്യാനികൾ എന്ന വികാരത്താൽ വഴി നടത്തപ്പെടണം. അഭിപ്രായ വ്യത്യാസങ്ങൾ സഭയ്ക്കുള്ളിൽ പറഞ്ഞ് തീർക്കണം. സഭയ്ക്കുള്ളിൽ രാഷ്ട്രീയം കളിച്ച് കപടസഭാസ്നേഹം നടിക്കുന്നവരെ തള്ളിക്കളയണം. നാം ഒറ്റക്കെട്ടായി നിന്നതിന്റെ ഫലമായി നമുക്കുണ്ടായിട്ടുള്ള ഉയർച്ചയുടെയും വളർച്ചയുടെയും അനേകം ഉദാഹരണങ്ങൾ നമ്മുടെ മുമ്പിലുണ്ട്. ആ പാരമ്പര്യം നാം കാത്തു സൂക്ഷിക്കണം. "നിങ്ങൾ പോയി ഫലം പുറപ്പെടുവിപ്പിക്കുന്നതിനും നിങ്ങളുടെ ഫലം നിലനിൽക്കുന്നതിനും വേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു" (യോഹ. 15:16). ഈ വചനം ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട് ഈശോയ്ക്ക് വേണ്ടി നമുക്ക് കൂട്ടായി പ്രവർത്തിക്കാം.

ഒത്തിരി സ്നേഹത്തോടെ,

ജെയ്സനച്ചൻ.




## ഓർമ്മിക്കുക ആചരിക്കുക

2023 മെയ്

| | | |
|---|---|---|
| 01.05.2023 | തിങ്കൾ | വി. യൗസേപ്പിതാവ് – തൊഴിലാളിദിനം |
| 02.05.2023 | ചൊവ്വ | വി. അത്തനേഷ്യസ് – വേദപാരംഗതൻ |
| 03.05.2023 | ബുധൻ | പീലിപ്പോസ്, യാക്കോബ് സ്ലീഹന്മാർ |
| 06.05.2023 | ശനി | വി. ഡൊമിനിക്ക് സാവിയോ |
| 13.05.2023 | ശനി | മത്തിയാസ് ശ്ലീഹാ |
| 14.05.2023 | വ്യാഴം | സ്വർഗാരോഹണത്തിരുനാൾ |
| 28.05.2023 | ഞായർ | പന്തക്കുസ്താ |
| 31.05.2023 | ബുധൻ | പരി. അമ്മ എലിസബത്തിനെ സന്ദർശിക്കുന്നു. |

# അധ്വാനം പ്രാർത്ഥനയാണ്

**മരിയ ബ്രൂസ്**, സെന്റ് തോമസ് യൂണിറ്റ്

ഇത് ബനഡിക്ടൻ സന്യാസിയുടെ ആപ്തവാക്യമാണ്. യൗസേപ്പിതാവിലാണിത് നിവർത്തിക്കുന്നത്. അതേ അധ്വാനം ആത്മീയതയാക്കിയ ഒരു കർമ്മയോഗി. വളർത്തു പിതാവിന്റെ തൊഴിൽതന്നെ അഭ്യസിച്ചപ്പോൾ മരപ്പണിക്കാരൻ എന്നു യേശുവും ഗ്രാമത്തിൽ അറിയപ്പട്ടു. നസ്രത്തിൽ മംഗളവാർത്താ ബസിലിക്കയോട് ചേർന്ന് ചെറിയ ദേവാലയമുണ്ട്. ഇത് യൗസേപ്പിതാവിന്റെ പണിശാല എന്നറിയപ്പെടുന്നു. അധ്വാനം മനസ്സിനും ശരീരത്തിനും ആനന്ദം പകരുന്നു. അതേ സമയം അലസന്റെ മനസ്സ് സാത്താന്റെ പണിപ്പുര എന്നാണ് ചൊല്ല്. നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കണം എന്ന ദൈവകല്പന യൗസേപ്പിതാവ് ശിരസ്സാ വഹിച്ചു.

ഞാൻ ശാന്തശീലനും വിനീത ഹൃദയനും ആകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽനിന്നു പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും. ഭാരമേറിയ കുരിശെടുക്കാൻ യേശുവിന് സ്വർഗ്ഗീയ പിതാവൊരുക്കിയ ഇടമായിരിക്കും ഈ പണിപ്പുര. മെയ് 1 തൊഴിലാളി ദിനം. യൗസേപ്പിതാവിന്റെ തിരുനാളായി സഭ ആഘോഷിക്കുന്നു. ഓരോ തൊഴിലിനും അതിന്റെ മഹത്വം കണ്ടെത്തി നമുക്കു മുന്നേറാം. ഒത്തൊരുമിച്ച്.



# വിശ്വാസ പരിശീലന വാർത്തകൾ

സ്നേഹമുള്ള അദ്ധ്യാപകരേ, മാതാപിതാക്കളേ, വിദ്യാർത്ഥികളേ,

ഏപ്രിൽ 10, 11, 12 എന്നീ മൂന്ന് ദിവസങ്ങളിലായി നടത്തിയ ദൈവദർശൻ ക്യാമ്പ് വളരെ വിജയകരമായി പൂർത്തിയാക്കുവാൻ സഹകരിച്ച വികാരിയച്ചനും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. എൽ.പി. വിഭാഗം ക്യാമ്പ് വിജി റാഫേൽ ടീച്ചറുടെ നേതൃത്വത്തിലും, അഞ്ചാം ക്ലാസുമുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികളുടെ ക്യാമ്പ് ഡീക്കൻ ബിജോയ് പൊൻപറമ്പിൽ, ബ്ര. ആൽവിൻ പട്ടിയേക്കൽ എന്നിവരുടെ നേതൃത്വത്തിലുമാണ് നടത്തപ്പെട്ടത്. ക്യാമ്പിന്റെ പൊതുവായ നടത്തിപ്പിന് വൈസ് പ്രിൻസിപ്പാൾ റവ. സി. ലിറ്റിൽ തെരേസ നേതൃത്വം നൽകുകയുണ്ടായി.

2022-23 വിശ്വാസപരിശീലനവർഷത്തിലെ റിസൾട്ട് ഏപ്രിൽ 30-ാം തീയതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അടുത്ത വർഷത്തേക്കുള്ള ടെക്സ്റ്റ് ബുക്കുകൾ ആവശ്യമുള്ള വിദ്യാർത്ഥികൾ മെയ് 7, 14 എന്നീ ഞായറാഴ്ചകളിൽ രണ്ടാമത്തെ കുർബാനയ്ക്ക് ശേഷം അധ്യാപകരുടെ കൈവശം ബുക്കിന്റെ വിലകൾ നൽകി പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഈ ഇടവകയിൽ നിന്ന് ടി.സി. വേണ്ട വിദ്യാർത്ഥികൾ അവരുടെ അപേക്ഷകൾ മേൽപ്പറഞ്ഞ ഞായറാഴ്ചകളിൽ അധ്യാപകരെ ഏൽപ്പിക്കേണ്ടതാണ്. ഈ വർഷം ഒന്നാം ക്ലാസിൽ ചേരുവാൻ ആഗ്രഹിക്കുന്ന കുട്ടികൾ മെയ് 7, 14 എന്നീ ഞായറാഴ്ചകളിൽ രണ്ടാമത്തെ കുർബാനയ്ക്ക് ശേഷം അഡ്മിഷൻ എടുക്കേണ്ടതാണ്.

നേഴ്സറി ക്ലാസുകൾ ജൂൺ 11-ാം തീയ്യതി ഞായറാഴ്ച മുതൽ ആരംഭിക്കുന്നതാണ്. നഴ്സറിയിൽ ചേർന്ന് പഠിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികൾ അവരുടെ മാതാപിതാക്കളോടൊപ്പം ജൂൺ 11-ാം തിയ്യതി കാലത്ത് 8.30ന് നിർമ്മല കോൺവെന്റ് സ്കൂളിൽ എത്തിച്ചേരേണ്ടതാണ്.

ഈ വർഷം 12-ാം ക്ലാസ് പാസ്സായ എല്ലാ വിദ്യാർത്ഥികളും **ACC** ക്ലാസിൽ ചേർന്ന്

പഠിക്കുവാൻ ശ്രദ്ധിക്കുമല്ലോ. അവരുടെ മാതാപിതാക്കൾ മേൽപറഞ്ഞ കാര്യത്തിൽ പ്രത്യേകം താത്പര്യം കാണിക്കുമല്ലോ.

ഈ വർഷത്തെ (2023-2024) വിശ്വാസപരിശീലന ക്ലാസ്സുകൾ വേനൽ അവധി കഴിഞ്ഞ് ജൂൺ 4-ാം തീയതി മുതൽ ആരംഭിക്കുന്നതാണ്. ഏവർക്കും പുതിയ വിശ്വാസപരിശീലന വർഷത്തിന്റെ പ്രാർത്ഥനാശംസകൾ സ്നേഹപൂർവ്വം നേർന്നു കൊണ്ട്, വിശ്വാസത്തിന്റെ വെളിച്ചം കുട്ടികൾക്ക് പകർന്നുകൊടുക്കാൻ താത്പര്യമുള്ള പുതിയ അധ്യാപകരെ ക്ഷണിച്ചുകൊണ്ടും നിറുത്തട്ടെ.

**ഡോ. ജോയ് കരേരക്കാട്ടിൽ**
പ്രിൻസിപ്പാൾ.

## St Mary's Assumption Church Ayyanthole
## Mariyanadham Parish Bullettin
## Advts. New Tariff Rates

### Multi-colour Advts.

| | | |
|---|---|---|
| Front Inner Cover Page | : | Rs. 2000/- |
| Back Inner Cover Page | : | Rs. 1800/- |
| Back Cover Page | : | Rs. 2800/- |
| Centre Spread Two Pages | : | Rs. 3200/- |
| Inside Any Full Page | : | Rs. 1500/- |
| Inside Any Half Page | : | Rs. 750/- |

### Black & White Advts.

| | | |
|---|---|---|
| Inside Any Full Page | : | Rs. 900/- |
| Inside Any Half Page | : | Rs. 500/- |

**Discounts**

One year Colour / B&W Advts. : 10%

**Jacob Tholath**
Managing Editor



# ശിഷ്യന്റെ ജീവചരിത്രം

*സാവിയോൺ, ഹോളി ഫാമിലി*

ഡൊമിനിക്ക് സാവിയോയുടെ ജീവിതം എന്ന പുസ്തകം ഡോൺ ബോസ്ക്കോ തന്റെ ശിഷ്യനെക്കുറിച്ച് എഴുതിയതാണ്. സാവിയോ യുടെ വിശുദ്ധ പദവി തീരുമാനത്തിൽ നിർണ്ണായകമായത് ഈ കൃതിയാണ്. 14 വയസ്സുവരെയേ ഈ വിശുദ്ധൻ ജീവിച്ചുള്ളൂ. കാനോനീകരണത്തിന് ചെറുപ്രായം തടസ്സമാകുമോ എന്നു ചിന്തിച്ചുവരുന്നു. എങ്കിലും സാവിയോ പ്രകടിപ്പിച്ച പുണ്യ ധീരത തടസങ്ങളെല്ലാം മാറിപ്പോകാൻ ഇടയാക്കി.

ചെറുപ്രായത്തിൽ തന്നെ ഡൊമിനിക്ക് തന്റെ ഭവനത്തിൽ വന്ന ഒരു അതിഥിയെ ഫ്രാർത്ഥിക്കാതെ ഭക്ഷണം കഴിക്കുന്നത് കണ്ട് തെറ്റ് തിരുത്തുകയുണ്ടായി. നമുക്ക് അ്നുകരിക്കാവുന്ന ഒരു പുണ്യം. ഭക്ഷണത്തിന് മുൻപ് ഭക്ഷണത്തെ ആശീർവദി ക്കാനും ഭക്ഷണശേഷം ഭക്ഷണം തന്നതിന് ദൈവത്തിന് നന്ദിയും പറയുന്ന ഒരു ശീലം വളർത്തിയെടുക്കാം.

മേയ് 6ന് ഡൊമിനിക്ക് സാവിയോയുടെ ഫീസ്റ്റ് ആഘോഷിക്കുന്നു. 14 വയസ്സുപ്രായത്തിൽ മരിക്കുമ്പോൾ പുരോഹിതനാകാൻ പഠിക്കുകയായിരുന്നു. ഇറ്റലിക്കാരനായ വിശുദ്ധനെ 12-ാം പീയൂസ് മാർപാപ്പയാണ് വിശുദ്ധനായി പ്രഖ്യാ പിച്ചത്.

# ഒറ്റമൂലികൾ

## ആസ്തമ

1. **തുളസിയില പിഴിഞ്ഞ നീര് ഓരോ സ്പൂൺ വീതം രണ്ടു നേരം കഴിക്കുക**
2. **മഞ്ഞളും കറിവേപ്പിലയും കൂടി അരച്ച് ഒരു നെല്ലിക്ക വലുപ്പത്തിൽ ഒരു മാസം തുടർച്ചയായി കഴിക്കുക.**
3. **ആടലോടകത്തിന്റെ ഇല ഇടിച്ചു പിഴിഞ്ഞ നീരിൽ ആട്ടിൻപാൽ ചേർത്ത് കാച്ചി കഴിക്കുക.**
4. **മുരിങ്ങയില പിഴിഞ്ഞ നീര് ഓരോ സ്പൂൺ വീതം രണ്ടുനേരം കഴിക്കുക.**
5. **വെറ്റിലനീര്, ഇഞ്ചിനീര്, തേൻ എന്നിവ ചേർത്ത് രണ്ടുനേരം കഴിക്കുക.**
6. **കുരുമുളകും തേനും കല്ക്കണ്ടവും ചേർത്തു കഴിക്കുക.**
7. **ആഗസ്ത്യരസായനം ഒരു ടേബിൾ സ്പൂൺ വീതം പതിവായി കഴിക്കുക.**

**കടപ്പാട് : ഡോ. കെ.ആർ. രാമൻ നമ്പൂതിരി**



# വിശ്വാസവഴിയിലെ സംശയങ്ങൾ

***തിരുവിലാവിൽ നിന്ന് ഒഴുകിയ രക്തവും വെള്ളവും എന്തിനെ സൂചിപ്പിക്കുന്നു?***

ഈശോയുടെ പാർശ്വം പിളർക്കപ്പെടുകയും അവിടെനിന്ന് രക്തവും വെള്ളവും പുറപ്പെടുകയും ചെയ്തത് യോഹന്നാന്റെ സുവിശേഷത്തിൽ നാം കാണുന്നു. "അതുകണ്ടയാൾത്തന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവന്റെ സാക്ഷ്യം സത്യവുമാണ്. നിങ്ങളും വിശ്വസിക്കേണ്ടതിന് താൻ സത്യമാണ് പറയുന്നതെന്ന് അവൻ അറിയുകയും ചെയ്യുന്നു" (യോഹ 19:35). യോഹന്നാന്റെ സുവിശേഷം അടയാളങ്ങളാലും പ്രതീകങ്ങളാലും സമ്പന്നമായതിനാൽ വ്യാഖ്യാതാക്കൾ ഇത് പ്രതീകാത്മകമായിട്ടാണ് വിശദീകരിക്കുന്നത്. രക്തം ഈശോയുടെ രക്ഷാകരപ്രവർത്തനത്തെയും, വെള്ളം പരിശുദ്ധാത്മാവിനെയും സൂചിപ്പിക്കുന്നു. ഈശോയുടെ രക്ഷാകരപ്രവർത്തനം പൂർത്തിയായതിലൂടെ പരിശുദ്ധാത്മാവ് സഭയ്ക്കും മനുഷ്യകുലത്തിനും സംലഭ്യമായിരിക്കുന്നു എന്ന യാഥാർത്ഥ്യം ഇവിടെ പ്രതീകാത്മകമായി അവതരിപ്പിക്കുകയാണ്.

സഭാപിതാക്കന്മാർ ഇതിന് കൂദാശാപരമായ വ്യാഖ്യാനമാണ് നൽകുന്നത്. മണവാളനായ മിശിഹായുടെ പാർശ്വത്തിൽനിന്നും അവിടുത്തെ മണവാട്ടിയായ സഭയും സഭയുടെ കൂദാശകളും ആവിർഭവിക്കുന്നതായി ഇത് സൂചിപ്പിക്കുന്നു. പാപത്തിൽ മനുഷ്യകുലത്തിന്റെ മാതാവായ ഒന്നാം ഹവ്വ ഒന്നാം ആദത്തിന്റെ പാർശ്വത്തിൽ നിന്നും പുറപ്പെടുന്നു. അതുപോലെ രക്ഷാകരപ്രവർത്തനത്തിൽ മനുഷ്യകുലത്തിന്റെ മാതാവായ സഭ - രണ്ടാം ഹവ്വ - രണ്ടാം ആദമായ മിശിഹായുടെ പാർശ്വത്തിൽ നിന്നും പുറപ്പെടുന്നു. കൂദാശകളിലൂടെയാണ് സഭയാകുന്ന അമ്മ മക്കളെ അരൂപിയിൽ ജനിപ്പിച്ച് വളർത്തുന്നത്. രക്തവും വെള്ളവും പരിശുദ്ധ കുർബാനയെയും മാമ്മോദീസയെയും യഥാക്രമം സൂചിപ്പിക്കുന്നു. മാമ്മോദീസായിലൂടെ മക്കളെ അരൂപയിൽ ജനിപ്പിച്ച് പരിശുദ്ധ കുർബാനയിലൂടെ മക്കളെ അരൂപിയിൽ വളർത്തുന്ന സഭ മിശിഹായുടെ പാർശ്വത്തിൽനിന്നും പുറപ്പെടുന്നുവെന്ന് ഈ സംഭവം സൂചിപ്പിക്കുന്നു.

# നിയമാവബോധം



അഡ്വ. ജോമോൻ കുന്നത്ത്
സെന്റ് സേവിയേഴ്സ് യൂണിറ്റ്



## കുടുംബവും കുടുംബകോടതിയും – നിയമം

നമ്മൾ നമ്മുടെ മക്കളെ വിവാഹം കഴിച്ചയക്കുമ്പോൾ വിവാഹസമ്മാനങ്ങൾ നൽകുന്നത് വളരെ കാലങ്ങളായി തുടർന്നുവരുന്ന ഒരു പതിവാണ്. വളരെ നല്ലോരു കാര്യമാണ്; എന്നാൽ അതിന്റെ ഒരു മറുവശം കൂടിയുണ്ട്. കാലങ്ങളായി തുടർന്നുവരുന്ന ഒരു പതിവ് എന്ന നിലയിൽ വരനും വരന്റെ വീട്ടുകാരും ചില സമയങ്ങളിൽ വധുവിന്റെ വീട്ടിൽനിന്നും വലിയ രീതിയിലുള്ള വിവാഹസമ്മാനങ്ങൾ പ്രതീക്ഷിക്കുന്നു. പലപ്പോഴും വരന്റെ വീട്ടുകാരുടെ ധാരണ അത്തരത്തിൽ വിവാഹസമ്മാനം ലഭിക്കുക എന്നത് അവരുടെ അവകാശമാണെന്നും, ആ ലഭിച്ച വിവാഹസമ്മാനങ്ങൾ പണമായാലും സ്വർണമായാലും എല്ലാം അവർക്ക് അവകാശപ്പെട്ടതാണ് എന്നുമാണ്. അത്തരത്തിൽ ഉള്ള വിവാഹസമ്മാനങ്ങളുടെ നിയമവശം പരിശോധിക്കുമ്പോൾ, സ്ത്രീധനം എന്ന വാക്ക് തന്നെ നിയമവിരുദ്ധമാണ് എന്നത് ആദ്യം തന്നെ മനസ്സിലാക്കേണ്ടതുണ്ട്. സ്ത്രീധനം വാങ്ങുന്നതും കൊടുക്കുന്നതും ഇന്ന് നിയമപ്രകാരം കുറ്റകരമാണ്. വിവാഹത്തിനോട് അനുബന്ധിച്ച് വധുവിന് ലഭിക്കുന്ന വിവാഹസമ്മാനങ്ങൾ, എല്ലാം തന്നെ വധുവിന് മാത്രം അവകാശപ്പെട്ട അവരുടെ സ്വത്തുക്കളാണ്. ആയതിൽ വരനോ വരന്റെ വീട്ടുകാർക്കോ യാതൊരുവിധ അവകാശവുമില്ല എന്നത് ഏവരും മനസ്സിൽ വ്യക്തമായും രേഖപ്പെടുത്തേണ്ട ഒരു നിയമവസ്തുതതയാണ്. സ്വാഭാവികമായും വരനും വധുവും ചേർന്ന് കുടുംബജീവിതം ആരംഭിച്ചശേഷം അവരുടേതായ ആവശ്യങ്ങൾക്ക്, ഉദാഹരണത്തിന് ഒരു സ്ഥലം വാങ്ങുന്നതിനും വീടുവയ്ക്കുന്നതിനും, അത്തരത്തിൽ ലഭിക്കുന്ന വിവാഹസമ്മാനങ്ങൾ ഉപയോഗിക്കുന്നതിൽ തെറ്റുണ്ട് എന്നല്ല പറഞ്ഞുവരുന്നത്. വധുവിന് അവകാശപ്പെട്ട സ്വത്തുക്കൾ ഉപയോഗിച്ച് വീട് വയ്ക്കുമ്പോൾ അല്ലെങ്കിൽ ഒരു വസ്തു വാങ്ങുമ്പോൾ ആ വീട്ടിലും വസ്തുവിലും വധുവിന്റെ അവകാശം വ്യക്തമായിരിക്കണം. ഏതെങ്കിലും കാരണവശാൽ പിന്നീട് എന്തെങ്കിലും തർക്ക

ങ്ങൾ ഉണ്ടാകുന്നപക്ഷം ഇത്തരം കാര്യങ്ങളിൽ നിയമം സ്ത്രീകൾക്ക് അനുകൂല മായ നിലപാടെടുക്കും എന്നത് ഓർമ്മയിൽ വയ്ക്കേണ്ടതാണ്. ഇനി വധുവിന്റെ വീട്ടുകാരോട് പറയാനുള്ളത്, നിങ്ങൾ നിങ്ങളുടെ മകൾക്ക് സ്വർണ്ണമായോ പണമായോ എന്തെങ്കിലും നൽകുന്നുണ്ടെങ്കിൽ അത് രേഖാമൂലം മകളുടെ പേരിൽ മാത്രം ഇട്ടു നൽകേണ്ടതാണ്. പണമായി വരന്റെ വീട്ടുകാർക്ക് കൈമാറുന്നത് പിന്നീട് പ്രശ്നങ്ങൾക്ക് വഴിവയ്ക്കും. കോടതിയിൽ നാളെകളിൽ ഒരു തർക്കം ഉണ്ടാവുന്ന പക്ഷം നിങ്ങൾ നൽകിയ സ്വർണവും പണവും കണക്കില്ലാതെ പോകുന്നപക്ഷം, തിരികെ ലഭിക്കുവാൻ ബുദ്ധിമുട്ടാവുന്നതാണ്. അതുകൊണ്ടുതന്നെ സ്വർണാഭരണ ങ്ങൾ നൽകുകയാണെങ്കിൽ ആയവയുടെ ബില്ലുകളും മറ്റും സൂക്ഷിച്ചുവയ്ക്കേണ്ട താണ്. അതുപോലെതന്നെ പണമായി നൽകുന്നത് ബാങ്ക് ഡിപ്പോസിറ്റ് ആയി പെൺ കുട്ടിയുടെ പേരിൽ ഫിക്സഡ് ഡെപ്പോസിറ്റ് ആയോ മറ്റോ നൽകുന് പക്ഷം ആയത് രേഖാമൂലമുള്ള തെളിവുകൾ ആയി നിലനിൽക്കുന്നതാണ്. അതുപോലെതന്നെ എന്തെങ്കിലും കൂട്ടായ ആവശ്യങ്ങൾക്കായി ആ പണം എടുത്ത് ചെലവാക്കുന്നു ണ്ടെങ്കിൽ, ആയതെല്ലാം തന്നെ രേഖാമൂലം അക്കൗണ്ടുകൾ തമ്മിൽ ഉള്ള ട്രാൻ സാക്ഷൻ നടത്തി വസ്തുതകൾക്ക് വ്യക്തത വരുത്തേണ്ടതാണ്. ഇതെല്ലാം പറയു ന്നത് നാളെ നിങ്ങളുടെ മകനോ മകളോ വിവാഹത്തിനുശേഷം വേർപിരിയുന്ന ഘട്ടം ഉണ്ടാകും എന്നതുകൊണ്ടല്ല; എന്നാൽ അത്തരം ദൗർഭാഗ്യകരമായ സാഹച ര്യങ്ങൾ ഉണ്ടായാൽ പണവും സ്വർണാഭരണങ്ങളും കൂടി നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് വേണ്ടിയാണ്. മുൻകാലങ്ങളിൽ വിവാഹബന്ധം വേർപ്പെടുത്തു ന്നത് അപൂർവങ്ങളിൽ അപൂർവ്വം ആയിരുന്നെങ്കിൽ ഇപ്പോൾ വിവാഹബന്ധങ്ങൾ, വിവാഹം കഴിഞ്ഞ ഉടനെതന്നെ വേർപ്പെടുത്തുന്നതുപോലും സർവ്വസാധാരണമാ യിരിക്കുകയാണ് എന്ന വസ്തുത മനസ്സിൽ വച്ചുകൊണ്ട് വേണം ഇത്തരം കാര്യ ങ്ങൾ വിശകലനം ചെയ്യുവാൻ.

## അറിയിപ്പ്

രൂപത/ ഫൊറോന തലത്തിൽ നടക്കുന്ന മത്സരങ്ങളിൽ വിജയിക ളാകുന്നവരെ മരിയനാദത്തിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി **Whatsapp NO. 9495565910** ലേക്ക് അയച്ചു തരിക

**പത്രാധിപസമിതി**

# ബൈബിൾ ക്വിസ്
## 2023 മെയ്



**പാഠ്യഭാഗം –ഏശയ്യാ 26–40 വരെ**

1. വിശ്വസ്തത പാലിക്കുന്ന നീതിനിഷ്ഠമായ ജനതയ്ക്കു ........... തുറക്കുവിൻ.
2. മറ്റ് അധിപൻമാർ ഞങ്ങളെ ഭരിച്ചിട്ടുണ്ട് എന്നാൽ ആരുടെ നാമം മാത്രമാണ് ഏറ്റുപറയുന്നത്?
3. കവിഞ്ഞൊഴുകുന്നതും കഴുത്തുവരെ എത്തുന്നതുമായ നദിക്കുതുല്യമായത് എന്താണ്?
4. "ജറുസലെമിന് സംരക്ഷണം" ഏത് അധ്യായത്തിന്റെ തലക്കെട്ടാണ്.
5. ലബനോന്റെ മഹത്വവും കാർമലിന്റെയും ഷാരോന്റേയും പ്രതാപവും അതിനു ലഭിക്കും. അധ്യായവും വാക്യവും കണ്ടുപിടിക്കുക.
6. നിന്റെ ദാസന്മാരോടു ദയവായി അരമായ ഭാഷയിൽ സംസാരിക്കുക, ഞങ്ങൾക്കതു മനസ്സിലാകും. ആര് ആരോട് പറഞ്ഞു?
7. സെന്നീക്കരീബ് യൂദായിലെ നഗരങ്ങളെല്ലാ പിടിച്ചടക്കിയത് ആരുടെ എത്രാമത്തെ ഭരണവർഷം?
8. ജനതകൾ അവിടുത്തേക്ക് എന്തു പോലെയാണ്?
9. കർത്താവിന്റെ നാമം ദൂരെ നിന്നു വരുന്നതെങ്ങിനെ?
10. സമുദ്രവ്യാളത്തെ അവിടുന്ന് എന്തുചെയ്യും?

## ഏപ്രിൽ– ശരിയുത്തരം

1. ഏശയ്യ : 11: 9
2. കർത്താവിന്റെ മഹത്വം
3. ആമോസ്
4. ഗൊമോറാ
5. ആജ്ഞാദണ്ഡുകൊണ്ട്
6. മാഹെർഷലാൽ ഹഷ്ബാസ്

## 16-ാം ചരമവാർഷികം
## 17.05.2023



# Adv. J.V. Akkara

ജീവനും പുനരുത്ഥാനവും
ഞാനാകുന്നു.

യോഹ 11 : 25

St. Xavior Unit


NIRMALA CONVENT UP SCHOOL
AYYANTHOLE
Winners
NEW COMPUTER LAB
ADMISSION STARTED
NEW OFFICE ROOM
NEW SCHOOL BUS
PRE-KG, LKG, UKG, STD 1 TO VII
ENGLISH & MALAYALAM MEDIUM FOR BOYS & GIRLS
CLASS LIBRARY | SPORTS FIELD | PLAY GROUND
HITECH CLASSROOM | COMPUTER LAB | EXTRA CURRICULAR ACTIVITIES
SCOUT & GUIDES | FOOTBALL | KARATE | BANDSET | ZUMBA | YOGA...
CONTACT US
9645807325
0487 362 417
nirmalaschool143@gmail.com


OliveRoof
FOOD COURT
94960 78101
MEALS, BIRYANI, FRIED RICE, NOODLES, POROTTA, DOSA
CHAPATTI, CHOPSUEYS, AL - FAHAMS, SHAWARMAS, SHAWAI
JUICE, SHAKE, MOJITOS AND MORE...
OFFER
COUPON
10% cashback
offer valid till 31 May 2023
FREE DELIVERY AVAILABE UNDER 3KM ABOVE 300/-

# 8-ാം ചരമവാർഷികം





## പനക്കൽ പൈലുണ്ണി മകൻ

# ചുമ്മാർ



ജനനം : 16.05.1928

മരണം : 18.05.2015

പ്രാർത്ഥനാപൂർവ്വം :

**റവ. സി. റോസി പനക്കൽ A C**

**പോൾ പനക്കൽ & ഫാമിലി**

ഹോളി ട്രിനിറ്റി യൂണിറ്റ്

# 1-ാം ചരമവാർഷികം

## 11-05-2023



ചുങ്കത്ത് മാത്യു മകൻ

# ആർ. എം. ചുങ്കത്ത് (ബേബി)

ജനനം: 22. 05.1938 മരണം: 11.05.2022

സ്നേഹസ്മരണകളോടെ, കുടുംബാംഗങ്ങൾ

സെന്റ് മേരീസ് കുടുംബകൂട്ടായ്മ



little wonders
MONTESSORI
Play School, Nursery, LKG & UKG
Spirit of Learning Together
DAY CARE FACILITY AVAILABLE
CONTACT
9633696933
9744176656
MANAGING DIRECTOR
Dr. V.R.Aloke, MD, DCH, DM (Neonatology)
Little Wonderstr Wonderstr
ADMISSION STARTED
Based on Montessori & Play-way methods
A unique play school for children between 2 yrs to 5 yrs.
Stress on developing confidence, self reliance and discipline.
Every activity at little wonder's is fun-filled, creative and motivating.
Laying a foundation for successful careers.
Non-competitive and friendly environment.
Under the aegis of an eminent Neonatologist and pediatrician Dr. V.R. Aloke, MD, DCH, DM (Neonatology)
little wonders
Play School, Nursery, LKG & UKG
Transportation Available

NYLE
WOMEN'S & CHILDREN

# NYLE INSTITUTE OF MEDICAL SCIENCES (P) LTD

KAIPARAMBU, THRISSUR-KUNNAMKULAM ROAD
KERALA, INDIA-680546, PH: 04885-296011
MOB: +919349064400, 9544660049 E mail : nylehospital@gmail.com

## അത്യാധുനിക ചികിത്സാസൗകര്യങ്ങൾ

### *ക്യാഷ്ലെസ്സ് ഇൻഷുറൻസ് സൗകര്യത്തോടെ...

**ചികിത്സാ വിഭാഗങ്ങൾ**

- അത്യാഹിത വിഭാഗം
- ശിശുരോഗ വിഭാഗം
- നവജാത ശിശുരോഗ വിഭാഗം
- ഗൈനക്കോളജി
- ജനറൽമെഡിസിൻ
- ഇ.എൻ.ടി
- ഫിസിയോ തെറാപ്പി വിഭാഗം
- ജനറൽ സർജറി
- അസ്ഥിരോഗ വിഭാഗം
- ദന്തരോഗവിഭാഗം • കാർഡിയോജി
- കോസ്മെറ്റിക് & ഗൈനക്കോളജി
- ത്വക്ക്രോഗവിഭാഗം
- ക്ലിനിക്കൽ സൈക്കോളജി
- സ്കാനിംഗ് വിഭാഗം

*നിബന്ധനകൾക്ക് വിധേയം.

FOR BOOKING : 04885-296010, 296011, 296012, 9349064400, 9544660049

**JORLINE JOSHY**
*Proprietor*

9544962005
Ph: 9446464279

നിങ്ങൾക്കിഷ്ടപ്പെട്ട
തുണിത്തരങ്ങൾ
മിതമായ വിലയ്ക്ക്
നേടാൻ സമീപിക്കൂ...

fortune fashion
FOR MEN, WOMEN & KIDS

*Gents*
*Ladies*
*&*
*Kids*

**I. K. ARCADE, AYYANTHOLE GROUND, THRISSUR**

7. കൊടുങ്കാറ്റ്
8. നീതികൊണ്ട്
9. ഏശയ്യ. 4: 5-6
10. നുണയുടെ കയറുകൊണ്ട്

## ശരിയുത്തരം അയച്ചവർ - ഏപ്രിൽ

1. ലൂസ് ജോയ്, സെന്റ് സേവിയാർ യൂണിറ്റ്
2. മേഴ്സി ജെസീന്റോ, സെന്റ് തോമസ് യൂണിറ്റ
3. ജോസ്ഫീന ജോയ്, സെന്റ് മേരീസ് യൂണിറ്റ്
4. മേരി രാജു, സെന്റ് സേവിയാർ യൂണിറ്റ്

## നറുക്കെടുപ്പിലൂടെ വിജയിയായത്

**മേഴ്സി ജെസീന്റോ, സെന്റ് തോമസ് യൂണിറ്റ്**

# കേന്ദ്ര കുടുംബകൂട്ടായ്മ വാർത്തകൾ



കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 21-ാം തിയ്യതി രാവിലെ ദിവ്യബലിക്കുശേഷം വികാരിയച്ചന്റെ അനുഗ്രഹത്തോടെ ഒരു ദിവസത്തെ വിനോദയാത്ര ആലുവ മൈനർ സെമിനാരി സന്ദർശിച്ച്, മെട്രോയിൽ കയറി ഇടപ്പിള്ളി സെന്റ് ജോർജ്ജ് ചർച്ച്, ലുലു മാൾ സന്ദർശിക്കുകയും "സാഗർ റാണി" കപ്പൽ യാത്ര ചെയ്തു. യാത്രയുടെ വിജയത്തിനായി നേതൃത്വം വഹിച്ച മേരി ലാസർ ടീച്ചർക്കും, കേന്ദ്രസമിതി

കൺവീനർ ശ്രീ. മേജോ കെ. ജെ. നും മറ്റു ഭാരവാഹികൾക്കും എല്ലാ പ്രാർത്ഥനാശംസകളും, അഭിനന്ദനങ്ങളും നേരുന്നു.

# വന്ദനം മെയ്മാസ റാണി

ഗ്രെയ്സി ജോണി



ഇന്നും ഞാനോർക്കുന്നു
എൻ ബാല്യകാലദിനങ്ങൾ
വേനലവധിക്കാലതിരക്കിൽ
പൂക്കാലം പോലെ വന്നു മെയ്മാസം
"വണക്കമാസ" പുസ്തകം തേടി
തിക്കും തിരക്കുമായ് ഞങ്ങൾ മൂവരും
മുല്ലപ്പൂ മൊട്ടുകൾ തേടി ഓട്ടമായ്
പൂക്കുട്ടയുമായി തോട്ടത്തിലേയ്ക്ക്
പൂമാല ചാർത്തി വെണ്ണിലാവു പോലെ
സൗന്ദര്യറാണിതൻ ശിരസ്സിൽ മെല്ലെ
കത്തിച്ച തിരികൾക്കൊപ്പം
വെച്ചൂ ഞാൻ ചന്ദനത്തിരികളും
ജപമാല തീരാൻ കാത്തിരിക്കും
വണക്കമാസ പ്രാർത്ഥനക്കായ് ത്രിമൂർത്തികൾ
അമ്മതൻ വിധിയിൽ ചേട്ടനെന്നും ഒന്നാമനായ്
പിന്നെ ചേച്ചിയും മൂന്നാമതായി ഞാനും
"സംഭവം" കേൾക്കാൻ ഇമ്പമാർന്നു ഞാൻ
"ജപ"ത്തിനന്നില്ല പ്രാധാന്യമൊട്ടുമേ
ഇന്നു ഞാനറിയുന്നു സംഭവം
വെറും സംഭവമല്ലേ
'ജപ"ത്തിനായ് കാതോർക്കണം
കാലങ്ങളെത്ര കടന്നുപോയി മക്കളെ
ഇന്നെത്രയറിഞ്ഞു മേയ്മാസ റാണിയെ
അമ്മതൻ സ്നേഹം നറുതേനായ്
മൃദുമലരിൻ പരിമളമായ്
എന്നിലേയ്ക്കൊഴുക്കി
എൻ ഭാരമെല്ലാം മഞ്ഞുപോലുരുകി
അമ്മതൻ സഹനത്തിൽ അലിഞ്ഞുതീർന്നു
ജപമണികളിലൂടെ അമ്മതൻ
സുതനോടെന്നെ ചേർത്തുവയ്ക്കുമോ
അമ്മേ മേയ്മാസ റാണി
വന്ദനം നിനക്കുവന്ദനം.

*04-12-2022 ന് ഇടവകതലത്തിൽ പാരീഷ് ബുള്ളറ്റിന്റെയും കേന്ദ്ര കുടുംബ കൂട്ടായ്മ സമിതിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ സാഹിത്യ മത്സരങ്ങളിൽ* ***Catechism Students*** *വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ഉപന്യാസം*

# ശിക്ഷണം ആവശ്യമോ?

എയ്ഞ്ചൽ റോസ് ജോസ് (ലിറ്റിൽ ഫ്ളവർ യൂണിറ്റ്)

ശിക്ഷണം ആവശ്യമാണ്. ശിക്ഷണത്തിലൂടെയാണ് ഒരു കുട്ടി വലുതാകുമ്പോൾ സമൂഹത്തിൽ എങ്ങനെ പെരുമാറണമെന്നും നല്ല ശീലങ്ങൾ പഠിക്കുവാനും സാധിക്കുകയുള്ളൂ. പണ്ടൊക്കെ, മാതാപിതാക്കളുടെ ശിക്ഷണം കാരണമാണ് ഇപ്പോൾ നാം കാണുന്ന ആളുകൾ നല്ല രീതിയിൽ പെരുമാറുന്നത് പണ്ടത്തെ ശിക്ഷണത്തിൽ മാതാപിതാക്കൾ അവരുടെ മക്കൾക്ക് അച്ചടക്കവും നല്ല ശീലങ്ങളും സമൂഹത്തിൽ എങ്ങനെ പെരുമാറണമെന്നും മറ്റുള്ളവരെ എങ്ങനെയൊക്കെ സഹായിക്കണമെന്നും പഠിപ്പിച്ചിരുന്നു. അതുകൊണ്ടാണ് നമ്മുടെ മാതാപിതാക്കൾ നമ്മളെയും ആ ശീലങ്ങൾ പഠിപ്പിക്കാൻ ശ്രമിക്കുന്നത്. ഇപ്പോൾ, മാതാപിതാക്കളുടെ ശിക്ഷണം വളരെ കുറവാണ്. മിക്കമാതാപിതാക്കളും ജോലിയ്ക്ക് പോവുകയും അതുകണ്ട് കുട്ടികളിൽ അലസതയും മറ്റുപല ചീത്ത ശീലങ്ങളും ഉടലെടുക്കുന്നു. ചില സാഹചര്യങ്ങളിൽ കുട്ടികൾ വഴിതെറ്റി പോവുകയും ചെയ്യുന്നുണ്ട്. ഇങ്ങനെ ഉണ്ടാകുമ്പോൾ ആദ്യം കുറ്റപ്പെടുത്തുന്നതും മാതാപിതാക്കളെയാണ്. അതുപോലെ മാതാപിതാക്കളുടെ ശിക്ഷണക്കുറവ് മൂലം കുട്ടികളിൽ ദൈവത്തോടുള്ള അടുപ്പവും കുറയുന്നുണ്ട്. കുട്ടികൾ കുർബാനയ്ക്കും മറ്റു പ്രാർത്ഥനകളിലും പങ്കുചേരാൻ മടികാണിക്കുന്നതും ശിക്ഷണത്തിന്റെ കുറവാണ്. അതുപോലെ അച്ചടക്കം എന്ന ശീലം കുട്ടികളിൽ കുറവാണ്.

പണ്ടൊക്കെ, മാതാപിതാക്കൾ അടിച്ചും വഴക്കുപറഞ്ഞും കുട്ടികളെ പഠിപ്പിക്കാറുണ്ട്. അപ്പോൾ കുട്ടികൾക്ക് പേടിയുണ്ടാകുകയും നല്ല ശീലങ്ങൾ പഠിക്കുവാൻ സാധിക്കുകയും ചെയ്യുന്നു. പക്ഷെ, ഇപ്പോൾ മാതാപിതാക്കൾ ചീത്ത പോലും പറയുകയില്ല. ഇതുമൂലം കുട്ടികൾ പേടിയില്ലാതെ ദുശീലങ്ങൾ പഠിക്കുന്നു. പണ്ടത്തെ മാതാപിതാക്കൾ ചീത്തപറയുമ്പോൾ എതിർത്തുപറയരുത് എന്ന് പഠിപ്പിച്ചിരുന്നു. പക്ഷെ ഇപ്പോഴത്തെ, മാതാപിതാക്കൾ അങ്ങനത്തെ ശീലം പഠിപ്പിക്കാത്തതുകൊണ്ട് കുട്ടികൾ എതിർത്തുപറയുകയും ചെയ്യുന്നു. അതിനാൽ മാതാപിതാക്കൾ കുട്ടികൾക്ക് നല്ല ശീലങ്ങളും എങ്ങനെ മറ്റുള്ളവരോട് പെരുമാറണമെന്നും മറ്റുള്ളവരെ എങ്ങനെ സഹായിക്കണമെന്നും പഠിപ്പിക്കണം. അപ്പോൾ കുട്ടികൾ വലുതാകുമ്പോൾ നല്ല പൗരന്മാരാകും. അങ്ങനെ, ഒരു നല്ല സമൂഹത്തെ വളർത്തിയെടുക്കാൻ ഇത് സഹായിക്കും. അതിനാൽ മാതാപിതാക്കളുടെ ശിക്ഷണം നമുക്ക് വളരെ ആവശ്യമാണ്.

*04–12–2022 ന് ഇടവകതലത്തിൽ പാരീഷ് ബുള്ളറ്റിന്റെയും കേന്ദ്ര കുടുംബ കൂട്ടായ്മ സമിതിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ സാഹിത്യ മത്സരങ്ങളിൽ Catechism Students വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ചെറുകഥ*

# Friendship

**ഫ്രാങ്കോ ആന്റണി ഇമ്മാനുവേൽ, ക്രിസ്തുരാജ യൂണിറ്റ്**

ഒരു സ്കൂളിൽ വിനു എന്ന കുട്ടി പഠിച്ചിരുന്നു. അവൻ നന്നായി പഠിക്കുന്ന കുട്ടിയും ദൈവഭയം ഉള്ളവനും അനുസരണം ഉള്ളവനുമായിരുന്നു. അവൻ നല്ലമാർക്ക് വാങ്ങിക്കുന്ന കൂട്ടത്തിൽ ആയിരുന്നു. എന്നാൽ അവന്റെ ആ കഴിവിലും അവന്റെ മാർക്കിലും അസൂയപ്പെട്ടും, എതിർപ്പുമുള്ള ഒരു കുട്ടി ഉണ്ടായിരുന്നു. അവന്റെ പേരാണ് ലെനിൻ. അവൻ എപ്പോഴും വിനുവിനെ കളിയാക്കുകയും പുച്ഛിക്കുകയും ചെയ്യുമായിരുന്നു. ഒരുദിവസം വിനുവിന് ദേഷ്യംവന്ന് ലെനിനെ അടിച്ചു. എന്നാൽ ഇതുകണ്ട പ്രിൻസിപ്പൾ വിനുവിനെ ശകാരിച്ചു, അതും എല്ലാ വരുടേയും മുൻപാകെ. അത് അവന് വലിയ വിഷമം ഉണ്ടാക്കി. പിന്നീട് അവൻ ആരുടെയും മുഖത്ത് നോക്കാൻ ഇഷ്ടമില്ല. എന്നാൽ അവിടുത്തെ അച്ചൻ അവനെ ഉപദേശിക്കുകയും അവനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പിറ്റെദിവസം അവൻ എല്ലാവരോടും സംസാരിക്കാൻ തുടങ്ങി. എന്നാൽ അവൻ ലെനിന്റെ അടുത്തു സംസാരിക്കാൻ വരാത്തതുകൊണ്ട് അവന് വിഷമമായി. അവൻ വിനുവിന്റെ അടുത്തുചെന്നു മാപ്പ് പറഞ്ഞു. എന്നാൽ വിനു അത് സ്വീകരിക്കാൻ തയ്യാറായില്ല. പിന്നീട്, ലെനിൻ തങ്ങളുടെ അപ്പനോട് സന്ദർഭം പറഞ്ഞു. അപ്പോൾ പിറ്റേദിവസം അദ്ദേഹം വിനുവിനെ കണ്ട് മാപ്പു പറയുകയും അവന്റെ തെറ്റു ചൂണ്ടികാണിച്ചു തിരുത്തുകയും ചെയ്തു. പിന്നീട് അവർ നല്ല കൂട്ടുകാരാവുകയും ദൈവത്തിന്റെ പാതയിൽ പിൻതുടരാൻ തീരുമാനിച്ചു വൈദികപട്ടം സ്വീകരിക്കാനുള്ള തീരുമാനം എടുത്തു.

**എല്ലാ മാസവും 20–ാം തിയ്യതിക്കു മുമ്പായി മരിയനാദം ബുള്ളറ്റിനി ലേയ്ക്ക് മതബോധനം, കേന്ദ്രസമിതി വാർത്തകൾ, യൂണിറ്റ് വാർത്ത കൾ പ്രതിനിധി വാർത്തകൾ, ലേഖനങ്ങൾ, കഥകൾ, കവിതകൾ, മറ്റു വാർത്തകൾ എന്നിവ നൽകേണ്ടതാണ്**

*04–12–2022 ന് ഇടവകതലത്തിൽ പാരീഷ് ബുള്ളറ്റിന്റെയും കേന്ദ്ര കുടുംബ കൂട്ടായ്മ സമിതിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ സാഹിത്യ മത്സരങ്ങളിൽ* ***Catechism Students*** *വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ കവിത.*

# ഞാനറിയുന്ന ഈശോ എങ്ങനെ?

**ആൻ തെരേസ, സെന്റ് ആന്റണീസ് യൂണിറ്റ്**

കുറവുകൾക്കു നിറമേകിയ, മഴവില്ലാം
കറതീർന്ന സ്നേഹമോ?
കാൽവരി മലനിര സാക്ഷ്യമേകിയ
കാരുണ്യസാഗരമേ, എന്നീശോ?
വരികളിലൊതുക്കാനുതകുന്ന വാക്കുകൾ
നിഘണ്ടുവിലുണ്ടോ അറിവില്ലായെനിക്ക്
മിഴിയിൽ നിന്നുമടർന്ന ഈറൻതുള്ളിക്കു
താങ്ങായ് എത്തിയ ആണിപ്പഴുതു വിവരിക്കുമോ
എന്നീശോയെ, ജീവിതം നൽകിയ തോൽവിയെ
പാഠപുസ്തമാക്കാൻ കൂട്ടുനിന്ന അധ്യാപക-
നെന്നത് വിവരിക്കുന്നുവോ? ഇല്ലയെന്നാവർത്തിച്ച്
മനം ചൊല്ലുന്നു എനിക്കറിവുള്ള ഈശോയെ
എങ്ങനെ ഞാൻ നിന്നെ അറിയിക്കും?
ഒന്നു ഞാൻ ചൊല്ലാം, യാഗമായ് മാറിയ സ്നേഹമാണീശോ.

# അഭിനന്ദനങ്ങൾ

2022 2023 വർഷത്തിൽ അതിരൂപത തലത്തിൽ CLC യുടെ മരിയോത്സവം പ്രോഗ്രാമിൽ ഉപന്യാസ രചനയിൽ second prize നേടിയ സെന്റ് മഡോണ യൂണിറ്റിലെ ടി.ജെ. അഞ്ജനയ്ക്ക് ഇടവകയുടെ അഭിനന്ദനങ്ങൾ



# ഇടവകദിനം 2023

അയ്യന്തോൾ സെന്റ് മേരീസ് അംസപ്ഷൻ ദൈവാലയത്തിലെ കുടുംബസമ്മേളന കേന്ദ്രസമിതിയുടെയും, സംഘടനാ ഏകോപന സമിതിയുടെയും വിശ്വാസ പരിശീലനവേദിയുടെയും നേതൃത്വത്തിൽ സംയുക്തമായി ഇടവകദിനം 2023 ആചരിച്ചു. ഏപ്രിൽ 23 ഞായറാഴ്ച വൈകീട്ട് 5.30ന് പാരിഷ്ഹാളിൽ ഇടവകദിന പൊതുസമ്മേളനം തൃശൂർ അതിരൂപത വികാരി ജനറൽ റവ.ഫാ. ജോസ് കോനിക്കര ഉദ്ഘാടനം ചെയ്തു. യോഗത്തിൽ തൃശൂർ ജില്ലാ കലക്ടർ ബഹു. ശ്രീ. കൃഷ്ണ തേജ IAS മുഖ്യാതിഥി ആയിരുന്നു. ഇടവക വികാരി റവ.ഫാ. ജെയ്സൺ പുന്നശ്ശേരി യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു. ഇടവകദിനം ജനറൽ കൺവീനർ ശ്രീമതി മേഫി ഡെൽസൻ യോഗത്തിൽ സ്വാഗതം ആശംസിച്ച് സംസാരിച്ചു. ഉദ്ഘാടകനായ അതിരൂപത വികാരി ജനറൽ റവ.ഫാ. ജോസ് കോനിക്കര, മുഖ്യാതിഥി തൃശൂർ ജില്ലാ കലക്ടർ ബഹു. ശ്രീ. കൃഷ്ണ തേജ IAS അവർകൾക്കും ഇടവകയുടെ ഉപഹാരം നൽകി ആദരിച്ചു. കേന്ദ്രസമിതി കൺവീനർ മേജോ കെ.ജെ., ഏകോപന സമിതി കൺവീനർ റോയ് ഒലക്കേങ്കിൽ, വിശ്വാസപരിശീലന വേദി ഹെഡ്മാസ്റ്റർ ഡോ. ജോയ് കരേറക്കാട്ടിൽ, നടത്തുകൈക്കാരൻ ശ്രീ. അഗസ്റ്റിൻ തരകൻ എന്നിവർ ആശംസയർപ്പിച്ചു സംസാരിച്ചു. രൂപത ലോഗോസ് ക്വിസ് വിജയികൾക്കും അതിരൂപത തലത്തിൽ വിജയികളായവർക്കും കൂടാതെ ഇടവകയിൽ നടത്തിയ സാഹിത്യ മത്സര വിജയികൾക്കും സമ്മാനങ്ങൾ നൽകുകയുണ്ടായി. ഇടവകദിന ജോയിന്റ് കൺവീനർ ഡോ. നന്ദിത ജെസ്റ്റിൻ യോഗത്തിന് നന്ദി പ്രകാശിച്ച് സംസാരിച്ചു. ഇടവകാംഗങ്ങളുടെ കലാപരിപാടികൾ ഉണ്ടായിരുന്നു. സ്നേഹവിരുന്നോടുകൂടി യോഗം അവസാനിച്ചു.

ജനറൽ കൺവീനർ : **ശ്രീമതി മേഫി ഡെൽസൺ**

**IDAVAKA DINAM 2023 EXPENDITURE SUMMARY**

| Description | Amount, Rs |
|---|---|
| Food preparation - Chicken, grocery etc. | 60,410 |
| Food preparation - labour | 15,000 |
| Refreshments - Water, Tea, Cool drinks, snacks | 1,838 |
| Stationary, paper glass etc. | 746 |
| Gifts | 8,428 |
| Flowers | 780 |
| Stage Decoration-Flower arrangement, carpet, cooler etc. | 10,000 |
| USB Digital expenses | 300 |
| Invitation | 300 |
| Costumes, cosmetics etc. | 2,575 |
| Kamanam, Flex printing, Fitting etc. | 3,172 |
| Photography | 2,000 |
| DTP work | 250 |
| Hall and other cleaning + CT jobs pre and post Idavaka Dinar | 4,600 |
| Stage - light, sound, curtain etc. | 9,920 |
| Utensils Rent, Gas and Shamiyana | 6,280 |
| **Total** | **126,599** |

**ഫിനാൻസ് കൺവീനർ : ജേക്കബ്ബ് തോലത്ത്**





## ഞങ്ങൾ വരവായി



| ജനനം | മാമ്മോദീസ | |
|---|---|---|
| 07.2023 | | |
| 07.01.2023 | 15.04.2023 | ആലപ്പാട്ട് പൊന്തൊക്കൻ ലെസ്സ്ലി ഫ്രാങ്കോ & നിമിഷ ജോർജ്ജ് മകൾ എലിസബത്ത് (ഇവാനിയ ലിസ് ലെസ്സ്ലി) |
| 08.2023 | | |
| 05.01.2023 | 22.04.2023 | എടക്കളത്തൂർ സ്റ്റെഫിൻ & ജിസ്സി ജോയ് മകൾ പൗളിൻ (ഐറിൻ ഇവ എടക്കളത്തൂർ) |
| 11.2022 | | |
| 21.01.2022 | 24.04.2022 | ഊക്കൻ അജേഷ് & വർഷ മകൾ അന്ന (ആഗ്നസ് അജേഷ്) |



## ഞങ്ങൾ ഒന്നായി



16.04.2023

അയ്യന്തോൾ ഇടവക പുലിക്കോട്ടിൽ തോമസ് പോൾ & ശോഭന മകൻ ജെഫേഴ്സൻ പോൾ

ബാംഗ്ലൂർ ഹൂളിമാവു ഇടവക കൊമ്പൻ സൈമൺ ഫ്രാൻസിസ് & ജെസ്സി മകൾ ഡയാന ജൂഡിത് സൈമൺ

## ഇടവകയിൽ നിന്നും മാറി പോയവർ

04.2023

04.04.2023 കള്ളിക്കാടൻ ആന്റണി മകൻ ജോയ് (ഹോളി ട്രിനിറ്റി യൂണിറ്റ്) അരണാട്ടുകര ഇടവകയിലേക്ക്.

05.2023

04.04.2023 കിടങ്ങൾ ജോൺസൺ മകൻ അജയ് ജോൺസൻ (സെ. പീറ്റർ യൂണിറ്റ്) കർമ്മലാരാം

06.2023 പുല്ലുക്കാട് തോമസ് മകൻ ലിറ്റോ (സെ. മേരീസ് യൂണിറ്റ്) – സെ. ആൻസ്, വെസ്റ്റ് ഫോർട്ട്

07.2023

16.04.2023 ഇമ്മട്ടി വെളുത്തൂക്കാരൻ ഫ്രാൻസിസ് ഭാര്യ മേരി (ക്രിസ്തുരാജ യൂണിറ്റ്) – മറ്റം ഇടവകയിലേക്ക്

08.2023

22.04.2023 ആലപ്പാടൻ കുണ്ടൻ കൊച്ചാപ്പു മകൻ യൂദാ തദേവൂസ് (സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്) – പുല്ലഴി ഇടവകയിലേക്ക്

# വണക്കമാസം

**ലൂസി ജോയ്**

ഒരു മാസം മുഴുവനും ഏതെങ്കിലം ഒരു പുണ്യവിഷയത്തെ, അല്ലെങ്കിൽ ഒരു വിശുദ്ധനെയോ പ്രതിപാദിച്ച് അനുഷ്ഠിക്കുന്ന പ്രാർത്ഥനയും ഭക്താഭ്യാസവുമാണ് വണക്കമാസം.

കുടുംബങ്ങളിൽ ഒരുമിച്ചു പ്രബോധനം നൽകുന്ന ഒരു പ്രാർത്ഥനാ മഞ്ജരിയായി കണക്കാക്കാം.

| | | |
|---|---|---|
| ജനുവരിമാസം | - | യേശുവിന്റെ തിരുനാമത്തിന്റെ |
| മാർച്ചിൽ | - | വിശുദ്ധ യൗസേപ്പിതാവിന്റെ |
| മെയ് മാസത്തിൽ | - | മാതാവിന്റെ |
| ജൂൺമാസം | - | തിരുഹൃദയത്തിന്റെ |
| നവംബറിൽ | - | ശുദ്ധീകരണാത്മാക്കളുടെ |

തുടങ്ങിയവയാണ് പ്രധാന വണക്കമാസങ്ങൾ

മെയ്മാസം മാതാവിന്റെ വണക്കത്തിനുള്ളതാണല്ലോ. ഇതെപ്പറ്റി നമുക്ക് ആഴത്തിൽ ചിന്തിക്കാം.

സുവിശേഷത്തിന്റെ ആനന്ദം എന്ന അപ്പസ്തോലിക പ്രബോധനത്തിനു ഫ്രാൻസിസ് പാപ്പ ഇങ്ങനെ രേഖപ്പെടുത്തുന്നു. 'നമ്മുടെ അമ്മയാകാൻ വേണ്ടി തന്റെ അമ്മയെ യേശു നമുക്ക് വിട്ടുതന്നു. ഇപ്രകാരം ചെയ്തതിനുശേഷം മാത്രമാണ് എല്ലാം നിറവേറ്റി കഴിഞ്ഞു എന്ന് ഈശോ അരുളിച്ചെയ്തത്. അമ്മയില്ലാതെ വിശ്വാസയാത്രയിൽ നാം എങ്ങിനെ മുന്നോട്ടുപോകും.

അന്നത്തെ വിജാതിയ ആരാധനകളെ ഇല്ലാതാക്കാൻ 13-ാം നൂറ്റാണ്ടിൽ സഭയിൽ മെയ്മാസ വണക്കം ആരംഭിച്ചു. പുസ്തകങ്ങൾ 16-ാം നൂറ്റാണ്ടോടുകൂടി നിലവിൽ വന്നു.

പ. മറിയത്തെ ദൈവമാതാവായും സഭയുടെ മാതാവായും ബഹുമാനിച്ച് മാദ്ധ്യസ്ഥ്യം തേടാൻ മെയ്മാസം തിരഞ്ഞെടുത്തു. പീയൂസ് 7-ാമൻ, പീയൂസ് 9-ാമൻ പാപ്പമാരും, പോൾ ആറാമൻ, ജോൺ പോൾ രണ്ടാമൻ തുടങ്ങിയ പാപ്പമാരും മെയ് മാസഭക്തി വളർത്തികൊണ്ടു വന്നവരാണ്.

നമുക്ക് മെയ്മാസം മാതാവിന്റെ രൂപം അലങ്കരിച്ച് കുടുംബത്തോട് ചേർന്നു വണക്കമാസം ചൊല്ലി അമ്മയെ ആദരിക്കാം. കൃപകൾ നേടിയെടുക്കാം. സുകൃതജപങ്ങളും ചൊല്ലി മാതാവിനോടുള്ള ഭക്തിയിൽ വളരാം. ആധുനിക മീഡിയകളൊന്നും ഇതിനെ ബാധിക്കാതിരിക്കട്ടെ.

■

# നമ്മുടെ കുട്ടികൾക്ക് ഇതെന്തുപറ്റി...?

**സ്റ്റാർലിൻ വർഗ്ഗീസ് പയ്യപ്പിള്ളി (ഹോളി ട്രിനിറ്റി )**

ഇത് കഥയല്ല... മക്കൾക്ക് എല്ലാ സുഖസൗകര്യങ്ങളും നൽകുമ്പോഴും അവർ സഞ്ചരിക്കുന്ന വഴി മനസ്സിലാക്കാൻ പലപ്പോഴും മാതാപിതാക്കന്മാർക്ക് സാധിക്കുന്നില്ല എന്ന തിരിച്ചറിവ് നൽകിയ കൺമുമ്പിൽ നടന്ന സംഭവം.

ഏതാനും നാളുകൾക്ക് മുമ്പ് ഒരു കല്യാണത്തിൽ പങ്കെടുത്തു. ചേച്ചിയുടെ ഒരു സുഹൃത്തിന്റെ മകളുടെ. കുടുംബനാഥൻ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിൽ വിമുഖനായതിനാൽ കുടുംബ നാഥ തന്റെ ചെറിയ ജോലിയിൽ നിന്നുള്ള വരുമാനം കൊണ്ട് ഒരു ചെറിയ വീട് വെച്ചു, കുടുംബം നോക്കുന്നു. ഒറ്റ മകൾ ആയതിനാൽ തനിക്ക് പറ്റാവുന്ന രിതിയിൽ ഏറ്റവും നല്ലത് തന്നെ കൊടുത്താണ് മകളെ വളർത്തി യത്.. പഠിക്കാൻ അത്ര മിടുക്കി അല്ലാത്തതിനാൽ പ്ലസ്ടു കഴിഞ്ഞ് അവൾക്ക് താൽപര്യമുള്ള കോഴ്സിന് പഠിപ്പിച്ചു. വിടിനടുത്ത് പള്ളിയും കോൺവെന്റും ഉള്ളതിനാൽ സിസ്റ്റേഴ്സിന്റെയൊക്കെ ഇഷ്ടപ്പെട്ട മകൾ. 3 മാസം മുമ്പ് കല്യാണം ഉറപ്പിച്ചു. ഒരുമിച്ച് പ്രിമാര്യേജ് കോഴ്സിൽ പങ്കെടുത്തു. ഡ്രസ്സ് എടുത്തതും, സ്വർണ്ണമെടുത്തതും എല്ലാം ഒരുമിച്ച്. അമ്മയുടെ ഇല്ലായ്മയിൽ നിന്ന്, സ്വന്തം കഴുത്തിൽ കിടന്ന ചെറിയ മാല പോലും വിറ്റ് 15 പവൻ സ്വർണ്ണവും, ആവശ്യ ത്തിനു ഡ്രസ്സുകളും മകൾക്കായി എടുത്തു അമ്മ. കാരണം കെട്ടാൻ പോകുന്ന പയ്യന് അത്യാവശ്യം നല്ല സ്ഥിതി ഗതികളുള്ള ഒരു വീട്ടിലെ ഒറ്റ മകനാണ്. അവിടെ മകൾക്ക് കുറവുകൾ വരരുത് എന്ന ചിന്ത.

മനസ്സമ്മതം നന്നായി നടത്തി. മനസ്സമ്മതത്തിന് ഒരുങ്ങിയത് പോര എന്ന ചിന്തയാൽ കല്ല്യാണത്തിന് മരുമകളെ ഒരുക്കാൻ പരിചയത്തിലുള്ള ഒരു ബ്യൂട്ടി ഷനെ ഏൽപ്പിച്ചു പയ്യന്റെ അമ്മ. കല്ല്യാണം ഭംഗിയായി നടന്നു. വരൻ പള്ളിയിലെ ഗായകനായിരുന്നതിനാൽ കുർബ്ബാന സ്വീകരണത്തിന് അവന് വളരെ ഭംഗിയായി പാടി "ഇത്ര നല്ല ദൈവത്തോട് ഞാൻ......എന്ത് ചൊല്ലി നന്ദിയേകിടും......"

പിറ്റേ ദിവസം വധുവിന്റെ വീട്ടിലേക്ക് വന്നു. 22 ദിവസം കഴിഞ്ഞ് മടങ്ങാറായപ്പോൾ ആ വീട്ടിലേക്ക് പോകില്ല എന്ന് പറഞ്ഞു മകൾ ഭയങ്കര കരച്ചിൽ. ഇത്ര നാൾ ജീവിച്ച വീട് വിട്ട് പോകാൻ...അമ്മയെ വിട്ട് പോകാനുള്ള വിഷമം... സ്വാഭാവികം. എല്ലാവരും അങ്ങനെ ചിന്തിച്ചു. ബന്ധുക്കളുടെയും, അടുത്തുള്ള കോൺവെന്റിലെ സിസ്റ്റേഴ്സിന്റെയും ഉപദേശം മൂലം മനസ്സില്ലാമനസ്സോടെ യാത്രയായി. പിറ്റേദിവസം മരുമകന്റെ വീട്ടിൽ നിന്നും വിളി വന്നു. എത്രയും പെട്ടെന്ന് അവിടെ എത്തണം എന്ന് പറഞ്ഞ്. അമ്മയും വീട്ടുകാരും ആധിയോടെ ചെന്നു. ആ വീട്ടിൽ ശ്മശാന മൂകത. എല്ലാവരും വീർപ്പ് മുട്ടി നിൽക്കുന്നു. മകൾ

മുറിയിലുണ്ട്. അമ്മയുടെ നെഞ്ചിലൊരു ആശ്വാസം. അമ്മായി അമ്മ തന്നെ പ്രശ്നം അവതരിപ്പിച്ചു. മോൾക്ക് ഇവിടെ നിൽക്കാൻ ഇഷ്ടമില്ല എന്ന
പറയുന്നു. ഞങ്ങളോട് അവൾ സഹകരിക്കുന്നില്ല. ആധിയോടെ അമ്മ ചോദിച്ചപ്പോൾ. ഒരു കൂസലുമില്ലാതെ അവൾ കാര്യം അവതരിപ്പിച്ചു. വീടിനടുത്തുള്ള അക്രൈസ്തവനായ താഴ്ന്ന ജാതിയിൽപെട്ട ഒരുത്തനുമായി ഇഷ്ടത്തിലാണെന്നും അവന്റെ കൂടെയേ ജീവിക്കൂ എന്നും. ഭൂമി പിളർന്ന് താഴ്ന്നു പോയെങ്കിൽ എന്ന് ആ അമ്മ ആഗ്രഹിച്ചു. അവിടെ കൊണ്ടും തീർന്നില്ല.. അയാൾ വിവാഹിതനും 2 മക്കളുടെ പിതാവുമാണ്. ഭാര്യ പിണങ്ങി മക്കളെയും കൊണ്ട് അവരുടെ വീട്ടിലാണ് ജിവിക്കുന്നത്. ഒരു കോളനിയിൽ പണിതീരാത്ത ഒരു കുഞ്ഞുവീട്ടിൽ പ്രത്യേകിച്ച് പണിയൊന്നുമില്ലാത്ത ഒരുവൻ.

ഞെട്ടലൊന്ന് മാറിയപ്പോൾ കഴിഞ്ഞതെല്ലാം മറന്നോളൂ, ഇനി അതൊന്നും ഓർക്കണ്ട.. ചെറുപ്പത്തിന്റെ ഒരു ആവേശം അത്രേയല്ലേ ഉള്ളൂ. ഞങ്ങൾ അത് അങ്ങനെ കണ്ടോളാം നിയിവിടെ നിൽക്ക് എന്ന് പറഞ്ഞ് സമാധാനിപ്പിക്കാൻ ശ്രമിച്ചു ആ പയ്യനും വീട്ടുകാരും, പക്ഷെ അതൊന്നും കേൾക്കാൻ അവൾ തയ്യാറായില്ല എന്തായാലും പോയേ പറ്റൂ എന്ന് വാശി, കരച്ചിൽ. അവസാനം. പോലീസിൽ അറിയിച്ച് നിങ്ങൾക്ക് മകളെ കൊണ്ടുപോകാം എന്ന് ഡിമാന്റ് വെച്ചു അവർ. ഇല്ലെങ്കിൽ നാളെ ഇവളെന്തെങ്കിലും ചെയ്താൽ അവർ ജയിലിൽ പോകേണ്ടി വരുമല്ലോ?

പയ്യന്റെ വീട്ടുകാർ പരിചയത്തിലുള്ള വക്കീലിനേയും വിളിച്ചു പോലീസ് സ്റ്റേഷനിലെത്തി. നഷ്ടപരിഹാരമായി 25 ലക്ഷം ചോദിച്ചു അവർ. അവർക്കുണ്ടായ നാണക്കേട് വെച്ച് നോക്കുമ്പോൾ അതൊന്നുമല്ല. കഴുത്തിലെ താലിമാല പോലും വിറ്റ് കല്യാണം നടത്തിയ അമ്മ എവിടുന്ന് കൊടുക്കും 25 ലക്ഷം. ഹൃദയം തകർന്ന ആ അമ്മ തൽക്കാലം മകളുടെ ദേഹത്തുള്ള സ്വർണ്ണം ഊരി അവിടെ കൊടുക്കാൻ തീരുമാനിച്ചു. കാതിലെ കമ്മൽ ഒഴികെ ബാക്കുയുള്ളതെല്ലാം ഊരി ഏൽപ്പിച്ച് ബാക്കി പിന്നെ തരാം എന്നും പറഞ്ഞ് അമ്മ പാറപോലെ തിരുമാനത്തിൽ ഉറച്ചു നിൽക്കുന്ന മകളെ കൂട്ടി ഇറങ്ങി.

വീട്ടിലെത്തി അമ്മ ഫോൺ വാങ്ങി പരിശോധിച്ചു. അപ്പോൾ അന്ന് വരെ അവളുടെ കാമുകനുമായി ചാറ്റിംഗ് ഉണ്ട്. നി അവിടെ നിൽക്കണ്ട ഇങ്ങോട്ട് പോരെ എന്ന ഉപദേശവും. കണ്ടു അതിൽ. പിറ്റേ ദിവസം പോലീസ് സ്റ്റേഷനിലേക്ക് അവളെയും കാമുകനേയും. രണ്ട് പേരുടെയും ഡൈവോഴ്സ് കഴിയാതെ ഒരുമിച്ച് വിടില്ല എന്ന് പോലീസ്, തൽക്കാലം അമ്മയുടെ സംരക്ഷണയിൽ തന്നെ തുടരാൻ പോലീസ് ആവശ്യപ്പെട്ടെങ്കിലും തയ്യാറായില്ല അവൾ. ഞാനവരുടെ കൂടെ പോകില്ല എന്ന് വാശി. ഒടുവിൽ പോലീസ് വനിതാ സദനിലാക്കാം എന്ന് നിർദ്ദേശിച്ചു. യാതൊരു കൂസലുമില്ലാതെ അമ്മയെ ഒന്ന് നോക്കുക പോലും ചെയ്യാതെ അവൾ പോയി. അപ്പോഴും അമ്മ ആശ്വസിച്ചു. അവിടെ ജീവിതം മടുക്കുമ്പോൾ, ഫോണൊന്നും ഇല്ലാത്തതോണ്ട് കാമുകനെ വിളിക്കൊനൊന്നും വഴിയില്ലാത്തത് കൊണ്ട് അവൾ

തിരിച്ചു വരും എന്ന്. പക്ഷെ ആ ആശ്വാസത്തിന് ആയുസ്സ് ഉണ്ടായില്ല. അവളെ അവിടെ നിന്ന് കാമുകൻ വിളിച്ചുകൊണ്ട് പോയി എന്നാണ് പിന്നെ കിട്ടിയ വിവരം.

ഇപ്പോഴും ആ നല്ല ചെറുപ്പക്കാരൻ(മരുമകൻ) അമ്മാവനെ വിളിച്ച് അമ്മ എന്ത് പറയുന്നു എന്ന് അന്വേഷിക്കുന്നു. അമ്മയുടെ വിഷമം കുറച്ചുനാൾ മാത്രം പരിചയമുള്ള 3 ദിവസം മാത്രം മരുമകനായിരുന്നവന് അറിയാം. 22 വയസ്സ് വരെ കഷ്ടപ്പെട്ട് വളർത്തിയ മകൾക്ക് അറിയില്ല.. ജീവിതകാലം മുഴുവൻ അദ്ധ്വാനിച്ചുണ്ടാക്കിയ വിട് വിൽപ്പനക്കിട്ടുണ്ട്. നഷ്ടപരിഹാരം കൊടുക്കാൻ വേണ്ടി... കല്ല്യാണം ഉറപ്പിച്ച് 3 മാസത്തോളം ഫോണിൽ വിളിച്ചവൾ, പലപ്രവാശ്യം നേരിട്ട് കണ്ടവർ, എപ്പോലെങ്കിലും ആ ചെറുപ്പക്കാരനോട്

പറയാമായിരുന്നില്ലേ അവൾക്ക് ? അല്ലെങ്കിൽ കല്ല്യാണ തലേദിവസം ഇറങ്ങി പോകാമായിരുന്നില്ലേ ? ഒരു ചെറുപ്പക്കാരനേയും അമ്മയേയും ഇങ്ങനെ തകർക്കണമായിരുന്നോ? ഈ കഥ ഇവിടെ അവസാനിക്കില്ല... ഏറിയാൽ ഒരു വർഷം അല്ലെങ്കിൽ 2 വർഷം ഇതിന്റെ അവസാനം കേൾക്കാൻ...... അവൾ നന്നായി ജീവിക്കട്ടെ എന്ന് ചിന്തിക്കാനുള്ള ഹൃദയ വിശാലതയൊന്നും എനിക്കില്ല. പക്ഷെ ഒന്നുമറിയാതെ ബലിയാടായ ആ ചെറുപ്പക്കാരൻ........ അവന് നല്ലതു ഭവിക്കട്ടെ എന്ന് ആത്മാർത്ഥമായും പ്രാർത്ഥിക്കുന്നു.



ഏപ്രിൽ മാസം
ചായമിടൽ മത്സരത്തിൽ
വിജയിയായത്

അന്ന മരിയ കെ.എസ്.
ഹോളി ഫാമിലി യൂണിറ്റ്

ചായക്കൂട്ട് ചിത്രങ്ങളും, ബൈബിൾ ക്വിസ് ഉത്തരങ്ങളും
മരിയനാദം Mail ലേക്കും അയക്കാവുന്നതാണ്

Email:mariyanadham.info@gmail.com
www.ayyantholechurch.com

# ചായക്കൂട്ട് മത്സരം



ഈ ചിത്രത്തിനു അനുയോജ്യമായ ചായമടിച്ച് മാർച്ച് 20-ാം തിയ്യതിക്കു
മുൻപ് പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കണം.
ഏറ്റവും നല്ല ചായമിടലിന് സമ്മാനം ഉായിരിക്കുന്നതാണ്.
(മതബോധന വിദ്യാർത്ഥികൾ പങ്കെടുക്കുക)




# വെഡ്ഡിങ്ങ് സീസൺ സ്പെഷ്യൽ കളക്ഷൻ

82 വർഷത്തെ പാരമ്പര്യത്തിന്റെ സുവർണ്ണ തിളക്കവുമായി ടി ടി ദേവസ്സി ജ്വല്ലേഴ്സ് അവതരിപ്പിക്കുന്നു. വ്യത്യസ്ത പാരമ്പര്യങ്ങൾക്കും അഭിരുചികൾക്കുമിണങ്ങുന്ന വൈവിധ്യമാർന്ന സ്വർണ്ണാഭരണങ്ങളുടെയും ആകർഷകമായ ഡയമണ്ട് ആഭരണങ്ങളുടെയും വിപുലമായ ശ്രേണി.

| | |
|---|---|
| 100% HUID സ്വർണ്ണാഭരണങ്ങൾ | നിങ്ങളുടെ പഴയ സ്വർണ്ണം HUID സ്വർണ്ണാഭരണങ്ങളായി മാറ്റി വാങ്ങാം |
| എല്ലാ തരക്കാർക്കുമിണങ്ങുന്ന പാക്കേജുകൾ | ആകർഷകമായ ഡെക്കിൾ പാർട്ടുകൾ |
| ടി ടി MI GOLD സ്കീമും | അഡ്വാൻസ് ബുക്കിങ് സൗകര്യവും |

FLAGSHIP STORES: MAIN ROAD, CHAVAKKAD | NEAR VADAKKE STAND, THRISSUR

+91 94478 57788, +91 96453 88888 ttdevassyjewellers.com ttdevassyjewellers




Ocean
WE GIVE LIFE TO PLASTIC

**OCEAN POLYMER INDUSTRIES PVT. LTD.**
V/35A, Marar Road, Velappaya Medical College P.O, Thrissur-680 596.
Phone: 0487- 2202787 / 88 / 8137009888 / 8137978880
www.theoceangroup.co.in • email: enquiry@theoceangroup.co.in

**FOR TRADE ENQUIRIES CALL: 0487- 2202787**
CUSTOMER CARE : 8137009888

nirmala hiprint Ph : 0487 2387393